പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T 2241 | 5/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## രാസവസ്തുക്കൾ കലർന്ന മത്സ്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യത്തിൽ വ്യാപകമായ തോതിൽ ഫോർമാലിൻ ചേർക്കുന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) | കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളിലും, മൽസ്യ വിപണന കേന്ദ്രങ്ങളിലും, ഹാർബറുകളിലും നിരന്തരമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ മൽസ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും പ്രസ്തുത പരിശോധനയിൽ രാസ വസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.<br>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അഭ്യർത്ഥനയെ തുടർന്ന് CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) വികസിപ്പിച്ചെടുത്ത കിറ്റുകൾ മൽസ്യത്തിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് സഹായിക്കുന്നുണ്ട്. ഇത്തരത്തിൽ ഫോർമാലിൻ കണ്ടെത്തുന്ന മൽസ്യങ്ങളുടെ വിൽപന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മത്സ്യത്തിൽ ഫോർമാലിന്റേയും മറ്റ് രാസവസ്തുക്കളുടേയും സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ' ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | വാളയാർ ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന രാസവസ്തുക്കൾ കലർന്ന മത്സ്യം ഉദ്യോഗസ്ഥർ തിരിച്ചയച്ചാൽ മറ്റ് മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്ത് വീണ്ടും എത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഇല്ല. |
| സി) | ഇത്തരത്തിൽ മീൻ കൊണ്ടുവരുന്ന സ്ഥാപനങ്ങൾക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; | | |
| ഡി) | നിലവിലുള്ള നിയമം ശക്തമായി നടപ്പിലാക്കിയോ അല്ലെങ്കിൽ നിയമം ഭേദഗതി ചെയ്തോ മത്സ്യത്തിൽ രാസവസ്തുക്കൾ ചേർത്ത് വില്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | ഡി) | നിലവിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ശക്തമായി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ